بسم الله الرحمن الرحيم

**2010, ഖുത്വ്ബ നമ്പര്‍- 40**

01. 10.2010
**ബൈത്തുല്‍ ഫുതൂഹ്**
**ലണ്ടന്‍**

# വരുംതലമുറക്ക് മാതൃകയായി മാറുക.

ഇന്ന് യു.കെ. മജ്‌ലിസ് അന്‍സാറുല്ലായുടെയും ലജ്ന ഇമാഇല്ലായുടേയും ഇജ്തിമാഅ് ആരംഭിക്കുകയാണ്. ഇതേപോലെ മറ്റു ചില നാടുകളിലും ഇജ്തിമാഅ് നടക്കുന്നുണ്ട്. ഈ രണ്ട് സംഘടനകളും സുപ്രധാന സംഘടനകളാണ്. ജമാഅത്തിന്റെ പുരോഗതിയിലും തഅ്‌ലീം, തര്‍ബിയ്യത്ത് പരിപാടികളിലും ഭാവിതലമുറയെ സംരക്ഷിക്കുന്നതിലും സ്ത്രീകളും പുരുഷന്മാരും, പ്രത്യേകിച്ച് 40 വയസ്സിന് മുകളിലുള്ളവര്‍ വലിയ പങ്കാണ് വഹിക്കുന്നത്. നമ്മുടെ സ്ത്രീകളും പുരുഷന്മാരും അവരുടെ കടമകള്‍ വേണ്ടും വിധം മനസ്സിലാക്കുകയാണെങ്കില്‍, സ്ത്രീക്കും പുരുഷനുമുള്ള ഉത്തരവാദിത്വങ്ങള്‍ അവര്‍ ശരിക്കും ശ്രദ്ധിക്കുകയും അത് നിറവേറ്റാന്‍ ശ്രമിക്കുകയും ചെയ്യുകയാണെങ്കില്‍ വരുംതലമുറ ജമാഅത്തുമായി ബന്ധപ്പെട്ട് നില്‍ക്കുകയും ജമാഅത്തിനോടുള്ള അവരുടെ കൂറും ആത്മാര്‍ത്ഥതയും വര്‍ദ്ധിച്ചുകൊണ്ട് പോകുന്നതിനും കാരണമായിത്തീരുന്നതാണ്. ജമാഅത്തിന്റെ വളര്‍ച്ച സുനിശ്ചിതമാണ്. അത് അല്ലാഹുവിന്റെ വിധിയാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ യജമാനനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ صلى الله عليه وسلم തിരുമേനിയോടുള്ള വാഗ്ദാനം പോലെ തന്നെ ആ മഹാത്മാവിനോടും അല്ലാഹു വിജയത്തെക്കുറിച്ച് സുവാര്‍ത്തകള്‍ നല്‍കിയിട്ടുണ്ട്. തിരുനബി صلى الله عليه وسلم യോട് അല്ലാഹു പറഞ്ഞിരുന്നു:- അവസാനകാലത്ത് തിരുനബിയുടെ പ്രതിപുരുഷന്‍ ആഗതമായിക്കഴിഞ്ഞാല്‍ ഇസ്‌ലാമിന്റെ പുനരോദയത്തിന്റെ പുതിയൊരദ്ധ്യായം തുടങ്ങുന്നതാണ്. അതില്‍ ഇസ്‌ലാമിന്റെ അന്തിമ വിജയം ഉണ്ടാകും. അതുകൊണ്ട് ഈ വിജയം ജമാഅത്തിന് വിധക്കപ്പെട്ടതാണ്; ഇന്‍ശാ അല്ലാഹ്. വഴിയില്‍ തടസ്സങ്ങളും പ്രയാസങ്ങളും ഉണ്ടാകും. ദൈവിക പ്രസ്ഥാനങ്ങള്‍ക്കെല്ലാം പലവിധ പ്രയാസങ്ങളും നേരിടേണ്ടിവന്നിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്തിനും വിവിധ സ്ഥലങ്ങളില്‍ സമയാസമയങ്ങളില്‍ ഇങ്ങിനെയുളള പ്രയാസങ്ങളിലൂടെ കടന്നുപോകേണ്ടിവന്നിട്ടുണ്ട്. നമുക്കെതിരില്‍ തീ ആളിക്കത്തിക്കുന്നു. ഈ തീയെ അല്ലാഹു തണുപ്പിക്കുന്നു. വെറും തണുപ്പിക്കുക മാത്രമല്ല ചെയ്യുന്നത്, ഈ പ്രയാസങ്ങളിലൂടെയും കഷ്ടപ്പാടുകളിലൂടെയും ഒരു വിശ്വാസി കടന്നുപോകുമ്പോള്‍ അവന്‍ സ്വര്‍ണ്ണം തീയ്യില്‍ കിടന്ന് എല്ലാ അഴുക്കില്‍ നിന്നും മുക്തമായ തനി തങ്കമായിത്തീരുന്നതുപോലെ അവനും പരിശുദ്ധനായിത്തീരുന്നു. വിശുദ്ധ ഖുര്‍ആനില്‍ ഈ വിഷയം അല്ലാഹു പറയുന്നുണ്ട്.

اَحَسِبَ النَّاسُ اَنْ يُّتْرَكُوْٓا اَنْ يَّقُوْلُوْٓا اٰمَنَّا وَهُمْ لَا يُفْتَنُوْنَ ۝٣

ഞങ്ങള്‍ വിശ്വസിച്ചു എന്ന് പറഞ്ഞതിനുശേഷം പരീക്ഷിക്കാതെ വെറുതെ വിട്ടുകളയും എന്ന് ഇക്കാലത്തുള്ള ജനങ്ങള്‍ കരുതുന്നുണ്ടോ? (29:3)

وَلَقَدْ فَتَنَّا الَّذِيْنَ مِنْ قَبْلِهِمْ فَلَيَعْلَمَنَّ
اللّٰهُ الَّذِيْنَ صَدَقُوْا وَلَيَعْلَمَنَّ الْكٰذِبِيْنَ ۝٤

ഇവര്‍ക്ക് മുമ്പുള്ളവരെ നാം പരീക്ഷിച്ചിട്ടുണ്ട്. (ഇപ്പോഴും നാം അങ്ങനെ തന്നെ ചെയ്യും) എന്നിട്ട്, സത്യം പറഞ്ഞവരാരെന്നും കളവ് പറയുന്നവരാരെന്നും നിശ്ചയമായും അല്ലാഹു (വേര്‍തിരിച്ച്) വെളിപ്പെടുത്തും. (29:4) നല്ലതിനേയും ചീത്തയെയും വേര്‍തിരിക്കുന്നതിന് പരീക്ഷിക്കുക എന്നത് അല്ലാഹുവിന്റെ സുന്നത്താണ്. ചിലപ്പോള്‍ ഒരു രീതിയിലുള്ള പരീക്ഷണമാണെങ്കില്‍ മറ്റുചിലപ്പോള്‍ മറ്റു രീതിയിലുള്ള പരീക്ഷണങ്ങളായിരിക്കും. ഈ പരീക്ഷണങ്ങള്‍ വിശ്വാസത്തില്‍ വര്‍ദ്ധനവുണ്ടാക്കുന്നു. എന്നാല്‍ ബലഹീനര്‍ക്കും ആക്ഷേപിക്കുന്നവര്‍ക്കും നാശത്തിന് കാരണമായിത്തീരുകയും ചെയ്യുന്നു. വളരെ നിസ്സാര കാര്യങ്ങള്‍ക്കായി ചിലര്‍ ആക്ഷേപിക്കുന്നു. എല്ലാ ജമാഅത്തിലും ഇങ്ങിനെയുള്ള ചിലര്‍ ഉണ്ടാകും. ചെറിയ ഭാരവാഹികളെക്കുറിച്ച് ആക്ഷേപിക്കും. വലിയ ഭാരവാഹികളെക്കുറിച്ചും ആക്ഷേപം ഉണ്ടാകും. ഈ ആക്ഷേപം വര്‍ദ്ധിച്ച് വര്‍ദ്ധിച്ച് അവസാനം അവരുടെതന്നെ വിശ്വാസത്തിന് ക്ഷതമേല്‍ക്കുന്നതിന് കാരണമായിത്തീരുകയും അല്ലാഹുവിനാല്‍ സ്ഥാപിതമായ ദൈവികപ്രസ്ഥാനത്തിന്റെ സത്യതയില്‍ ചിലര്‍ക്ക് സംശയം പോലും വന്നുപോകുന്നു. അല്ലാഹുവിന്റെ പ്രത്യേക ഫള്‌ലില്ലാതെ ഇതില്‍ നിന്നും രക്ഷപ്പെടുക പ്രയാസമാണ്. ഇതേപോലെ എതിരാളികളില്‍നിന്നുള്ള പ്രയാസങ്ങളും ശത്രുതയും ബലഹീനവിശ്വാസികളെ പരീക്ഷണത്തില്‍ അകപ്പെടുത്തുന്നു.

ഒരു വിശ്വാസിക്ക് ഏല്‍ക്കേണ്ടി വരുന്ന പരീക്ഷണം അവനെ ഒന്നുകൂടി ശോഭയുള്ളതാക്കിത്തീര്‍ക്കുവാനും അവന് ദൈവസാമിപ്യം നല്‍കാനുമുള്ളതാണ്. അത് ജമാഅത്തീ തലത്തില്‍ വിജയത്തിന്റെ പുതിയ മാര്‍ഗ്ഗം തുറക്കുന്നതിനും വേണ്ടിയാണ്. അത് പരാജയപ്പെടുത്തുവാനുള്ളതല്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. ദൈവിക പരീക്ഷയില്‍ വിജയിക്കുന്നവര്‍ക്കായി സര്‍വ്വവിധ സുഖസൗകര്യങ്ങളുടെയും അനുഗ്രഹങ്ങളുടെയും ഔദാര്യങ്ങളുടെയും കവാടങ്ങള്‍ തുറക്കപ്പെടുന്നു.

മറ്റൊരു സ്ഥലത്ത് പറയുന്നു:- റസൂലുല്ലാഹി صلى الله عليه وسلم ക്ക് ഏല്‍ക്കേണ്ടിവന്ന ബുദ്ധിമുട്ടുകളുടെ ഫലമായാണ് മക്ക വിജയിച്ചത്. ചുരുക്കത്തില്‍ ഈ പരീക്ഷണങ്ങള്‍ പ്രവാചകന്മാര്‍ക്കും അവരുടെ ജമാഅത്തിനും വിജയത്തിന്റെ കവാടങ്ങള്‍ തുറന്നുകൊടുക്കുന്നതിനു വേണ്ടിയാണ്. നാം നമ്മുടെ കടമകള്‍ നിറവേറ്റിക്കൊണ്ട് എന്തുതന്നെ പരീക്ഷണങ്ങള്‍ വന്നാലും അതില്‍ നിന്ന് വിജയിച്ച് മുന്നേറാന്‍ ശ്രമിക്കുകയാണെങ്കില്‍ നമുക്കായി റഹ്മത്തിന്റെയും ഔദാര്യത്തിന്റെയും കവാടങ്ങള്‍ തുറക്കപ്പെടുന്നതാണ്. (ഇന്‍ശാ അല്ലാഹ്) ഞാനും എന്റെ പ്രവാചകന്മാരും വിജയിക്കുക തന്നെ ചെയ്യും എന്ന് അല്ലാഹു പറഞ്ഞപ്പോള്‍ اِنَّ اللّٰهَ قَوِيٌّ عَزِيْزٌ എന്നും കൂടെ പറയുകയുണ്ടായി. അല്ലാഹു ശക്തനാണ്, എല്ലാ ശക്തികളുടേയും കേന്ദ്രമാണ്. അവന്‍ സര്‍വ്വ ഗുണങ്ങളോടൊപ്പം സ്തുത്യര്‍ഹനാണ്. ഒരിക്കലും പരാജയം അവനില്ല. എല്ലാത്തിനെയും വിജയിപ്പിക്കുന്നവന്‍കൂടിയാണവന്‍.

അല്ലാഹു തആലായാണ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ അയച്ചത് എന്ന കാര്യം എപ്പോഴും ഓര്‍ക്കേണ്ടതാണ്. അദ്ദേഹത്താല്‍ സ്ഥാപിതമായ ജമാഅത്താണ് അവസാനം വിജയിക്കുക. ഇന്‍ശാ അല്ലാഹ്. വഴിയിലുണ്ടാകുന്ന പ്രയാസങ്ങള്‍ പരാജയത്തിന്റെ ലക്ഷണമല്ല; മറിച്ച് വിജയത്തിന്റെ ശംഖനാദമാണ്. നാം തഖ്‌വയില്‍ അടിയുറച്ചു നിന്ന്കൊണ്ട് നമ്മുടേയും നമ്മുടെ മക്കളുടേയും സംസ്ക്കരണത്തില്‍ ശ്രദ്ധിക്കുകയാണെങ്കില്‍, നമ്മുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ബോധവാന്മാരായിക്കൊണ്ട് നമ്മേയും നമ്മുടെ സന്താനങ്ങളേയും അല്ലാഹു സ്ഥാപിച്ച നിസാമുമായി ബന്ധപ്പെടുത്തുകയും ചെയ്യു

കയാണെങ്കിൽ അല്ലാഹു ജമാഅത്തിന്നായി വിധിച്ചിട്ടുള്ള റഹ്മത്തിന്റെയും ഔദാര്യത്തിന്റെയും അവകാശികളായി നാം മാറുന്നതാണ്. നാമും നമ്മുടെ മക്കളും വിജയം കാണുകയും ചെയ്യുന്നതാണ്.

നമ്മിൽ വല്ലവരും തന്റെ പ്രായത്തിന്റെ അവസാനനാളുകളിൽ എത്തിയിട്ടുണ്ടെങ്കിൽ അവർക്ക് മക്കളെക്കുറിച്ച് അവരുടെ ഭൗതിക കാര്യങ്ങളെ ഓർത്ത് ചിന്തയുണ്ടാകും. അങ്ങിനെയുള്ള വ്യാകുലത മക്കളുടെ മതപരമായ കാര്യത്തിലും ജമാഅത്തുമായ അവരുടെ ബന്ധത്തിന്റെ കാര്യത്തിലും നമുക്ക് ഉണ്ടായിത്തീരേണ്ടതാണ്. ഭൗതിക പുരോഗതിക്കായി സ്വത്ത്, വീട്, ഉന്നതവിദ്യാഭ്യാസം, തൊഴിൽ എന്നിവ മക്കൾക്ക് ലഭിക്കാനായി അവർ പരിശ്രമിക്കുന്നു. ഇതിന്നായി പ്രാർത്ഥിക്കാൻ പറഞ്ഞുകൊണ്ടുള്ള കത്തുകൾ വരാറുണ്ട്. ഇതേപോലെ മതപരമായ കാര്യങ്ങളുടെ ഉന്നമനത്തിന്നായും അവരുടെ ധാർമ്മിക ഗുണം മെച്ചപ്പെടുത്തുന്നതിനായും നാം പ്രാർത്ഥിക്കേണ്ടതാണ്. ഇതാണ് യഥാർത്ഥത്തിൽ തഖ്‌വ. നമ്മുടെ മീറ്റിങ്ങുകളിലും ഇജ്തിമാഇലും ഉരുവിടുന്ന സത്യവാചകത്തിന്റെ പ്രത്യക്ഷ രൂപമാണിത്. അതുകൊണ്ട് നാം ഓർക്കേണ്ട ഒരു കാര്യം, ജമാഅത്തിന്റെ വിജയം നമ്മുടെ മക്കളുടെ ശിക്ഷണവുമായിട്ടല്ല ബന്ധപ്പെട്ടുനിൽക്കുന്നത്, മറിച്ച് നമ്മുടേയും നമ്മുടെ മക്കളുടേയും നിലനിൽപ്പ് ജമാഅത്തുമായി ബന്ധപ്പെട്ടുകൊണ്ട് നിൽക്കുമ്പോഴാണ് ഉണ്ടാകുക. കാരണം ജമാഅത്തിന്റെയും ഇസ്‌ലാമിന്റെയും വിജയം ഉണ്ടാകുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അത് അല്ലാഹുവിന്റെ വിധിയാണ്. സർവ്വശക്തിമാനും അപരാജിതനും വിജയിക്കുന്നവനുമായ അല്ലാഹുവിന്റെ വിധിയാണത്. എന്നാൽ നമ്മിൽ ആരെങ്കിലും വഴിയിലുണ്ടാകുന്ന തടസ്സം കാരണം വിശ്വാസത്തിൽ ബലഹീനത കാണിക്കുകയാണെങ്കിൽ, നമ്മുടെ മക്കൾ നമ്മുടെ വിശ്വാസത്തിൽ ക്ഷതമേൽപ്പിക്കുന്നതിന് കാരണമായിത്തീരുകയാണെങ്കിൽ, മക്കൾക്ക് ശിക്ഷണം നൽകുന്നതിൽ നാം കാണിച്ച അലസത മക്കളെ ജമാഅത്തിൽ നിന്നും അകറ്റാൻ കാരണമായിട്ടുണ്ടെങ്കിൽ, ഏതെങ്കിലും ഒരു പരീക്ഷണം നമ്മെയും നമ്മുടെ സന്താനങ്ങളെയും ആടിയുലച്ചിട്ടുണ്ടെങ്കിൽ ഇതുമുഖേന ഈ ദീനിന്റെ വിജയത്തിന് ഒരു തടസ്സവും ഉണ്ടാവുകയില്ല. ബലഹീനത പ്രകടിപ്പിക്കുന്നവർ ഈ അനുഗ്രഹത്തിൽ നിന്നും അകറ്റപ്പെടുന്നതാണ്. മറ്റൊരു സമൂഹത്തെ അല്ലാഹു മുന്നിലേക്ക് കൊണ്ട് വരുന്നതുമാണ്.

അതുകൊണ്ട് അതീവ പ്രാധാന്യമുള്ള ഈ കാര്യം എപ്പോഴും നാം ഓർക്കേണ്ടതാണ്. ഇത് മുൻനിർത്തി നമ്മുടെ മക്കളുടെ തർബിയ്യത്ത് കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക. ഇതിന് പ്രഥമമായി വേണ്ടത് നമ്മുടെ പവിത്ര മാതൃകയാണ്. അൻസാറുല്ലായുടെ പ്രായം 40 വയസ്സ് മുതലാണ് തുടങ്ങുന്നത്. പക്വതയുടെ പ്രായമാണിത്. ചിന്തകളിൽ ഗഹനത ഉണ്ടാകുന്നു. ഈ പ്രായത്തിൽ ആഖിറത്തിനെക്കുറിച്ചും ചിന്ത ഉണ്ടാകേണ്ടതാണ്. അല്ലാഹുവിൽ വിശ്വാസമുള്ള, തഖ്‌വയിൽ മുന്നേറാൻ പരിശ്രമിക്കുന്ന ഒരു വിശ്വാസിയുടെ ചിന്താഗതി ഇങ്ങിനെയായിരിക്കുണം. കാരണം ഒരഹ്മദി ബൈഅത്തിന്റെ പ്രതിജ്ഞയിൽ പറഞ്ഞത് ഞാൻ തഖ്‌വയിൽ മുന്നേറുന്നതാണെന്നാണ്. അതേപോലെ സർവ്വ സദ്ഗുണങ്ങളും സ്വീകരിക്കുന്നതാണെന്നും പ്രതിജ്ഞ ചെയ്തിട്ടുണ്ട്. അഹ്മദികൾക്ക് പൊതുവിലും ഈ പ്രായത്തിൽ പ്രത്യേകിച്ചും ഈ ചിന്താഗതി വളരെ കൂടുതൽ തന്നിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അൻസാറുല്ലായുടെ പ്രായത്തിലാണ് نَحْنُ اَنْصَارُ اللّٰهِ എന്ന പ്രഖ്യാപനം നടത്തുന്നത്. ബൈഅത്തിന്റെ പ്രതിജ്ഞ എന്താണെന്ന് അവർ എപ്പോഴും മുമ്പിൽ കാണേണ്ടതാണ്.

എന്താണ് ബൈഅത്ത് പ്രതിജ്ഞയുടെ ചുരുക്കം? ശിർക്കിൽ നിന്നും വിട്ടുനിൽക്കുക, കളവിൽ നിന്നും തർക്കങ്ങളിൽ നിന്നും ശണ്ഢ കൂടുന്നതിൽ നിന്നും വിട്ടുനിൽക്കുക; വഞ്ചനയിൽ നിന്നും ഫസാദിൽ നിന്നും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നും വിട്ട് നിൽക്കുക. ശരീരേച്ഛയെ നിയന്ത്രിക്കുക, അഞ്ചുനേരവും കൃത്യമായി നമസ്ക്കരിക്കുക, തഹജ്ജുദ് നമസ്ക്കാരം അനുഷ്ഠിക്കുന്നതിൽ ശ്രദ്ധിക്കുക; ഇസ്തിഗ്ഫാർ, ദുആകൾ, സ്വലാത്ത് ചൊല്ലൽ എന്നിവയിൽ ശ്രദ്ധിക്കുക, തസ്ബീഹും തഹ്മീദും ചൊല്ലിക്കൊണ്ടിരിക്കുക, പ്രയാസങ്ങളിലും സുഖത്തിലും ഏതൊരവസ്ഥയിലും അല്ലാഹുവിനോട് കൂറ് പുലർത്തുക; വിശുദ്ധഖുർആന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കുക, അഹങ്കാരം,പൊങ്ങച്ചം എന്നിവയിൽ നിന്നും വിട്ട് നിൽക്കുക, വിനയവും സത്സ്വഭാവവും പ്രകടമാക്കുക, ദൈവപ്രീതിക്കായി സമസൃഷ്ടികളോട് സഹാനുഭൂതി പ്രകടിപ്പിക്കുക, ഹദ്റത്ത് മസീഹ് മൗഊദ് (عَلَيْهِ السَّلَام)നെ പൂർണ്ണമായി പിൻപറ്റുക. ഇതാണ് ബൈഅത്ത് നിബന്ധനകളുടെ ചുരുക്കം.

ഈ കാര്യങ്ങളാണ് ഒരു വ്യക്തിയിൽ തഖ്‌വ വർദ്ധിപ്പിക്കുന്നത് എന്ന് ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്. ഒരു അഹ്മദി ചുരുങ്ങിയത് ഈ സ്ഥാനമെങ്കിലും കരസ്ഥമാക്കണമെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ് (عَلَيْهِ السَّلَام) ആഗ്രഹിക്കുന്നത്. മനുഷ്യനിൽ ഇങ്ങിനെയുള്ള ഗുണങ്ങൾ സംജാതമാക്കുക എന്നതു തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ് (عَلَيْهِ السَّلَام)ന്റെ ഇക്കാലത്തുള്ള വരവിന്റെ ഉദ്ദേശ്യവും. ആ മഹാത്മാവിന്റെ ബൈഅത്തിൽ വന്നുകൊണ്ട് തഖ്‌വയിൽ ഉന്നതിപ്രാപിക്കുകയാണ് വേണ്ടത്. ആ മഹാത്മാവ് പറയുന്നു. അല്ലാഹു എന്നെ ഇക്കാലത്ത് അയച്ചിരിക്കുന്നത് തഖ്‌വ ഉണ്ടായിത്തീരുന്നതിനും തിന്മകളിൽ നിന്നും മനുഷ്യനെ രക്ഷപ്പെടുത്തുന്ന യഥാർത്ഥ വിശ്വാസം നിലനാട്ടപ്പെടുകയും ചെയ്യുന്നതിനുവേണ്ടിയാണ്. അല്ലാഹു പിഴ അല്ല ആഗ്രഹിക്കുന്നത് അവൻ ആഗ്രഹിക്കുന്നത് തഖ്‌വയാണ്.

അല്ലാഹു ആഗ്രഹിക്കുന്ന തഖ്‌വ എന്നത് ഹൃദയത്തിന്റെ ശബ്ദമായിരിക്കണം. അത് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന്ന് ഹൃദയാന്തരാളങ്ങളിൽ നിന്നും ഉയരുന്ന ശബ്ദമായിരിക്കണം. ഇബാദത്തുകളും ശിർക്കിൽ നിന്നുള്ള മോചനവും മനുഷ്യന്റെ ഉന്നത ധാർമ്മിക ഗുണങ്ങൾ പ്രകടമാക്കുന്ന പ്രവർത്തനങ്ങളും എല്ലാം തന്നെ ഒരു പിഴ എന്ന നിലയിൽ ആയിരിക്കരുത് ചെയ്യുന്നത്; മറിച്ച് അല്ലാഹുവിനോടുള്ള പ്രേമത്താലായിരിക്കണം ചെയ്യേണ്ടത്. ഈമാനിന്റെ പദവിയെക്കുറിച്ച് അല്ലാഹു പറയുന്നു وَالَّذِيْنَ اٰمَنُوْٓا اَشَدُّ حُبًّا لِّلّٰهِ വിശ്വാസികൾക്ക് ഏറ്റവും കൂടുതൽ സ്നേഹം അല്ലാഹുവിനോടായിരിക്കും. അല്ലാഹുവിന്റെ സ്നേഹത്തിൽ വർത്തിക്കുന്നതോടൊപ്പം അവർ വിശ്വാസത്തിലും മുന്നേറിക്കൊണ്ടിരിക്കുന്നു. വിശ്വാസത്തിലുള്ള വർദ്ധനവ് തഖ്‌വയിലുണ്ടാകുന്ന വർദ്ധനവിന് കാരണമായിത്തീരുന്നു. അതിനാൽ തഖ്‌വയിൽ ഉന്നതി പ്രാപിച്ചുകൊണ്ട് നമ്മുടെ വരും തലമുറയുടെ ആത്മീയ ജീവിതത്തിനും തഖ്‌വയിൽ മുന്നേറുന്നതിനും ഗ്യാരണ്ടി ആയിത്തീരുന്ന വിധത്തിലുള്ള പവിത്രമായ മാതൃക അവരുടെ മുമ്പിൽ കാഴ്ചവെക്കുക എന്ന വലിയ ഉത്തരവാദിത്വമാണ് നമ്മുടെ അൻസാർ സഹോദരങ്ങളിലും ലജ്ന സഹോദരിമാരിലും അർപ്പിതമായിരിക്കുന്നത്.

സ്ത്രീയിലും പുരുഷനിലും അവരവരുടെ പരിധിയിൽ ചില ഉത്തരവാദിത്വങ്ങൾ അർപ്പിതമാണ്. അത് പൂർത്തിയാക്കേണ്ടത് ഇരുവരുടെയും കടമയാണ്. അതിനുള്ള മാർഗ്ഗരേഖയാണ് ബൈഅത്തിന്റെ നിബന്ധനകൾ എന്ന രൂപത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (عَلَيْهِ السَّلَام) നമ്മുടെ മുമ്പാകെ വെച്ചിരിക്കുന്നത്. അതിന്റെ ചുരുക്കം ഞാൻ കേൾപ്പിച്ചു കഴിഞ്ഞു. അതിനെക്കുറിച്ച് നാം ആലോചിക്കേണ്ടിയിരിക്കുന്നു. نَحْنُ اَنْصَارُ اللّٰهِ എന്ന മുദ്രാവാക്യം മുഴക്കപ്പെട്ടത് എന്തിനായിരുന്നു?

വിശുദ്ധഖുർആനിൽ ഈ പരാമർശം രണ്ട് സ്ഥലത്താണ് നാം കാണുന്നത്. സൂറ ആലിംറാനിലാണ് ഒന്നാമത്തേത്. അല്ലാഹു പറയുന്നു

فَلَمَّآ اَحَسَّ عِيْسٰى مِنْهُمُ الْكُفْرَ قَالَ مَنْ اَنْصَارِيْٓ اِلَى اللّٰهِ ؕ قَالَ الْحَوَارِيُّوْنَ نَحْنُ اَنْصَارُ اللّٰهِ ۚ اٰمَنَّا بِاللّٰهِ ۚ وَاشْهَدْ بِاَنَّا مُسْلِمُوْنَ ﴿٥٣﴾ (3:53)

പിന്നീട് ഈസാ عليه السلام അവരിൽ നിന്നുള്ള സത്യനിഷേധം കണ്ട് മനസ്സിലാക്കിയപ്പോൾ അദ്ദേഹം ചോദിച്ചു; അല്ലാഹുവിലേക്ക് വിളിക്കുന്നതിൽ ആർ എന്റെ സഹായികളായിത്തീരും? ഹവാരികൾ പറഞ്ഞു. ഞങ്ങൾ അല്ലാഹുവിന്റെ അൻസാറുകളാണ് (സഹായികളാണ്) ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ അനുസരണമുള്ളവരാണെന്നതിന് താങ്കൾ സാക്ഷ്യം വഹിക്കുക (3:53) ഈ ആയത്തിൽ നിന്നും മനസ്സിലാകുന്നത് നിഷേധത്തിലും കുഫ്റിലും സമൂഹം മുന്നേറുന്നത് ഈസാ عليه السلام കണ്ടപ്പോൾ അദ്ദേഹം ആ സമൂഹത്തോട് പറഞ്ഞു:- ഞാൻ നിങ്ങളെ അല്ലാഹുവിന്റെ മതത്തിലേക്കാണ് ക്ഷണിക്കുന്നത്. അല്ലാഹുവിൽ നിന്നും വന്നവനാണ് ഞാൻ. എന്നെ സ്വീകരിക്കുന്നതിലാണ് നിങ്ങളുടെ നിലനിൽപ്പുള്ളത്. അല്ലാഹുവിനെ തിരിച്ചറിഞ്ഞ് ജീവിക്കുക. അവന്റെ കൽപനകളനുസരിച്ച് മുന്നോട്ട് പോകാൻ ശ്രമിക്കുക. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ ഈ മതം സ്വീകരിക്കുക. അപ്പോൾ അവരിൽ നിന്നുള്ള ചിലർ ഹവാരികൾ മുന്നോട്ട് വരികയും ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ് എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്നിട്ട് അവർ ഇപ്രകാരം പ്രാർത്ഥിച്ചു.

رَبَّنَآ اٰمَنَّا بِمَآ اَنْزَلْتَ وَاتَّبَعْنَا الرَّسُوْلَ فَاكْتُبْنَا مَعَ الشّٰهِدِيْنَ ﴿٥٤﴾ (3:54)

ഞങ്ങളുടെ നാഥാ ! നീ അവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഈ ദൂതനെ ഞങ്ങൾ പിൻപറ്റുകയും ചെയ്തിരിക്കുന്നു. അതിനാൽ സാക്ഷ്യം വഹിക്കുന്നവരോടൊപ്പം ഞങ്ങളുടെ പേരും നീ രേഖപ്പെടുത്തേണമേ.(3:54)

പ്രവാചകനെ പിൻപറ്റുക എന്നതിന്റെ അർത്ഥം അദ്ദേഹത്തോട് ചെയ്ത കരാറ് നിറവേറ്റലും അദ്ദേഹം കൊണ്ടുവന്ന അദ്ധ്യാപനം അനുസരിച്ച് പ്രവർത്തിക്കലും ആ അദ്ധ്യാപനത്തിന്റെ സത്യതയിൽ പൂർണ്ണമായി വിശ്വാസിക്കലുമാണ്.

نَحْنُ اَنْصَارُ اللّٰهِ എന്ന പരാമർശം സൂറാ സഫ്ഫിലും നമുക്ക് കാണാവുന്നതാണ്. അല്ലാഹു പറയുന്നു

يٰٓاَيُّهَا الَّذِيْنَ اٰمَنُوْا كُوْنُوْٓا اَنْصَارَ اللّٰهِ كَمَا قَالَ عِيْسَى ابْنُ مَرْيَمَ لِلْحَوَارِيّٖنَ مَنْ اَنْصَارِيْٓ اِلَى اللّٰهِ ؕ قَالَ الْحَوَارِيُّوْنَ نَحْنُ اَنْصَارُ اللّٰهِ فَاٰمَنَتْ طَّآئِفَةٌ مِّنْ بَنِيْٓ اِسْرَآءِيْلَ وَكَفَرَتْ طَّآئِفَةٌ ۚ فَاَيَّدْنَا الَّذِيْنَ اٰمَنُوْا عَلٰى عَدُوِّهِمْ فَاَصْبَحُوْا ظٰهِرِيْنَ

വിശ്വസിച്ചവരെ, നിങ്ങൾ അല്ലാഹുവിന്റെ കാര്യത്തിൽ സഹായികളാവുക. മർയമിന്റെ മകൻ ഈസ (തന്റെ) അനുയായികളോട്, അല്ലാഹുവിന്റെ കാര്യത്തിൽ എന്നെ സഹായിക്കുന്നവരാരുണ്ട് എന്ന് ചോദിച്ച അവസരത്തിൽ സംഭവിച്ചതുപോലെ. ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണെന്ന് അനുയായികൾ പറഞ്ഞു. അങ്ങനെ ഇസ്റാഈൽ സന്തതികളിൽ നിന്ന് ഒരു വിഭാഗം വിശ്വസിച്ചു. മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. അപ്പോൾ വിശ്വസിച്ചവരെ അവരുടെ ശത്രുക്കൾക്കെതിരിൽ നാം ബലപ്പെടുത്തി. അങ്ങനെ അവർ വിജയികളായിത്തീർന്നു. (61:15) ഇവിടെ വിശ്വാസികൾക്കാണ് വിജയം ലഭിച്ചത്. ദൈവികപ്രസ്ഥാനങ്ങൾക്ക് വിധിച്ചതാണ് വിജയം. ഇവിടെ ഹദ്റത്ത് ഈസ عليه السلام ന്റെ ഹവാരികളുടെ ഉദാഹരണം വിവരിച്ചുകൊണ്ട് പറയുന്നത്; മുസ്‌ലീങ്ങളെ! നിങ്ങളും അല്ലാഹുവിന്റെ അൻസാർ ആയിത്തീരുക; വാഗ്ദത്ത മസീഹായി വാദിക്കപ്പെടുമ്പോൾ നിങ്ങളും വിശ്വാസികളുടെ ഗണത്തിൽ ഉൾപ്പെടേണ്ടതാണ്; നിഷേധികളുടെ ഗണത്തിൽ ഉൾപ്പെടരുത് എന്നാണ്. ഇന്ന് അല്ലാഹു നമ്മെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ വിശ്വസിക്കുന്നവരുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നത് അവന്റെ വലിയ ഔദാര്യമാണ്. അതിനാൽ തിരുനബി ﷺ യുടെ ഈ പരിപൂർണ്ണപ്രേമിയെ പൂർണ്ണമായും പിൻപറ്റേണ്ടത് നമ്മുടെ കടമയാണ്. അങ്ങിനെ തിരുനബി ﷺ കൊണ്ടുവന്ന മതത്തെ നാം ലോകത്ത് പ്രചരിപ്പിക്കുന്നവരായി മാറുകയും നമ്മുടെ വിശ്വാസം ദൃഢപ്പെടുത്തുകയും അൻസാറുല്ലാഹ് ആയിത്തീരുന്ന പ്രവണത സന്താനങ്ങളിൽ തുടർന്നുകൊണ്ടുപോകുന്ന തരത്തിലുള്ള വിശ്വാസം നമ്മുടെ മക്കളിൽ വളർത്തിക്കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യുക. ഒന്നിന്ന് ശേഷം അടുത്ത സഹായികൾ ഉണ്ടായിക്കൊണ്ടിരിക്കട്ടെ. ഇത് ഉണ്ടായിത്തീരുന്നത് ബൈഅത്തിന്റെ നിബന്ധനകളോരോന്നും നാം മനസ്സിലാക്കി അതിന്റെ യഥാർത്ഥ മാതൃകകൾ നമ്മുടെ മക്കളുടെ മുമ്പാകെ സമർപ്പിക്കുന്നവരായി നാം മാറുമ്പോഴാണ്. അപ്പോഴാണ് نَحْنُ اَنْصَارُ اللّٰهِ എന്ന മുദ്രാവാക്യം തുടർന്നും കേൾക്കാൻ സാധിക്കുകയുള്ളൂ. ഹദ്റത്ത് ഈസ عليه السلام ന്റെ ഹവാരീങ്ങളുടെ ചില തലമുറകൾക്ക് ശേഷം തൗഹീദ് നഷ്ടപ്പെടുകയുണ്ടായി. കഴിഞ്ഞ ഖുത്വുബയിൽ ഇക്കാര്യങ്ങൾ പരാമർശിച്ചിരുന്നു. രാജാക്കന്മാർ ക്രിസ്തുമതം സ്വീകരിച്ചതിനുശേഷം അവർക്ക് സ്വാതന്ത്ര്യം ലഭിച്ചെങ്കിലും കുറഞ്ഞ കാലത്തിനു ശേഷം തൗഹീദ്‌വാദികളുടെ എണ്ണം ഇല്ലാതായിത്തീരുകയാണ് ചെയ്തത്. ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിന്റെ അസ്തിത്വം പിൻപുറം തള്ളപ്പെടുകയും അല്ലാഹുവിന്റെ ഒരു വിനീതദാസനും പ്രവാചകനുമായ വ്യക്തിയെ അക്രമപരമായ രീതിയിൽ ദൈവത്തിന്റെ സ്ഥാനത്ത് അവർ അവരോധിക്കുകയും ചെയ്തു. എന്നാൽ മുഹമ്മദീ മസീഹിനെ അംഗീകരിക്കുന്നവർ തൗഹീദിന്റെ സംസ്ഥാപനത്തിനും അതിനെ തങ്ങളുടെ സന്താനങ്ങളിൽ നിലനിർത്തുന്നതിന്നും വേണ്ടി തങ്ങളുടെ സർവ്വവിധ കഴിവുകളും രംഗത്ത് കൊണ്ട് വരുന്നതാണ്. ദൈവത്തെ ആരാധിക്കുന്നവരാക്കി മാറ്റുക എന്ന മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യം കരസ്ഥമാക്കുന്നവരായി മനുഷ്യനെ അവർ മാറ്റുന്നതാണ്. തിരുനബി ﷺ മുഖേന നമുക്ക് ലഭിച്ചിരിക്കുന്ന അല്ലാഹുവിന്റെ സന്ദേശത്തെ, ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മുഖേന ഇക്കാലത്ത് ലോകത്ത് പ്രചരിപ്പിക്കാനായി അല്ലാഹു സജ്ജമാക്കിയ ആ സന്ദേശത്തെ വാഗ്ദത്ത മസീഹിന്റെ അൻസാറുകളായിക്കൊണ്ട് നാം ലോകത്ത് പ്രചരിപ്പിക്കേണ്ടതാണ്. ഈ പ്രവർത്തനം തങ്ങളിൽ മാത്രം ഒതുക്കിനിർത്താതെ തങ്ങളുടെ സന്താനങ്ങളിലും ഈ മതത്തോടുള്ള ആദരവ് നിറക്കുകയും അങ്ങിനെ അവരിൽ നിന്നും نَحْنُ اَنْصَارُ اللّٰهِ എന്ന മുദ്രാവാക്യം മുഴക്കുന്നവർ ഉണ്ടായിത്തീരുകയും ചെയ്യേണ്ടതാണ്. ഇങ്ങനെയുള്ളവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതാണ്. അങ്ങനെ ലോകത്ത് ഇസ്‌ലാമിന്റെ മഹത്വമാർന്ന പുതിയൊരു വിജയം നമുക്ക് ദർശിക്കാൻ സാധിക്കുന്നതാണ്.

ബൈഅത്തിന്റെ നിബന്ധനകളിൽ ഒന്നാമത്തേത് ശിർക്കിൽ

നിന്നും വിട്ട് നിൽക്കും എന്നതാണ്. തലമുറകളെ തൗഹീദിൽ നില നിർത്തുന്ന തരത്തിലുള്ള ഉന്നത നിലവാരത്തിലെത്താൻ മൂസവീ മസീഹിന്റെ അനുയായികൾക്ക് കഴിഞ്ഞില്ല. അതുകൊണ്ടാണ് ശിർക്ക് പ്രചരിപ്പിക്കാൻ അവരുടെ മക്കൾ കാരണമായിത്തീർന്നത്. അവർക്ക് നൽകപ്പെട്ട അദ്ധ്യാപനങ്ങളനുസരിച്ച് അവർ പ്രവർത്തിക്കാത്തതുകാരണം അവരുടെ വിശ്വാസത്തിന് ക്ഷീണം തട്ടുകയും അല്ലാഹുവുമായുള്ള ബന്ധം ഇല്ലാതായിക്കൊണ്ടിരിക്കുകയും ഭൗതികത അവരുടെ ലക്ഷ്യമായിത്തീരുകയും ചെയ്തു. എന്നാൽ മുഹമ്മദീ മസീഹിന്റെ അനുയായികൾ അല്ലാഹുമായുള്ള ബന്ധത്തിൽ വ്യക്തിപരമായി കുറവ് വരുത്താത്തതോടൊപ്പം തങ്ങളുടെ മക്കളിലും കുറവുവരുത്താൻ അനുവദിക്കുകയില്ല. അല്ലെങ്കിൽ മുമ്പുള്ള ഹവാരികളെപ്പോലെ ഒന്ന് രണ്ട് തലമുറ കഴിയുമ്പോൾ വിശ്വാസം കുറഞ്ഞ് കുറഞ്ഞ് അവസാനം ശിർക്ക് വ്യാപിക്കാൻ കാരണമായിത്തീരുന്നതാണ്. ഇന്ന് മറ്റു മസ്ലീംകളിൽ ചിലർ പീറുകളുടേയും ഫഖീറുകളുടേയും അടുത്ത് പോകുകയും കബർ പൂജകൾ ചെയ്യുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് യഥാർത്ഥ ഇസ്ലാമിന്റെ അദ്ധ്യാപനം നൽകി നമ്മെ നാനാതരം ശിർക്കിൽ നിന്നും രക്ഷിച്ചിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉന്നത ധാർമ്മിക ഗുണങ്ങൾ നിലനാട്ടാനും സൃഷ്ടികളോടുള്ള കടപ്പാടുകൾ നിറവേറ്റാനും നമ്മെ പ്രേരിപ്പിച്ചതോടൊപ്പം ഈ ജമാഅത്തിൽ പ്രവേശിക്കുന്നവരോട് പറഞ്ഞത് ശിർക്കിൽ നിന്നും വിട്ടുനിൽക്കുമെന്ന് പ്രതിജ്ഞ ചെയ്തതിനുശേഷം നിങ്ങൾ അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതനുസരിച്ച് അഞ്ചുനേര നമസ്ക്കാരവും കൃത്യമായും അനുഷ്ഠിക്കുന്നതാണെന്നും പ്രതിജ്ഞ ചെയ്യുക എന്നാണ്. നമസ്ക്കാരത്തെക്കുറിച്ച് അല്ലാഹു പറഞ്ഞ കാര്യങ്ങൾ എന്തെല്ലാമാണെന്ന് നാം മനസ്സിലാക്കിയിരിക്കണം. സൂറാ ഫാത്തിഹായിൽ വരുന്നു; إِيَّاكَ نَعْبُدُ ഞങ്ങൾ നിന്നെ തന്നെ ആരാധിക്കുന്നു. അതോടൊപ്പം ഇപ്രകാരം പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. നിന്നെ ആരാധിക്കാനായി നിന്റെ സഹായത്തിന്റെ ആവശ്യവും ഞങ്ങൾക്കുണ്ട്. നിന്റെ സഹായമില്ലാതെ ഞങ്ങൾക്കൊന്നും ചെയ്യാൻ സാധ്യമല്ല. അതുകൊണ്ട് إِيَّاكَ نَسْتَعِينُ . നിന്നോട് തന്നെ ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു. വിനയത്തോടും താഴ്മയോടും കൂടി അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ട് സഹായം അഭ്യർത്ഥിക്കുമ്പോൾ നമസ്കാരം നിലനിർത്തുക എന്ന കൽപനയും മുമ്പിൽ വരുന്നത്. അഞ്ചുനേരവും കൃത്യമായി നമസ്ക്കരിക്കുന്നതിൽ ശ്രദ്ധയുണ്ടാകുന്നതാണ്. അല്ലാഹു പറയുന്നു.

حٰفِظُوْا عَلَى الصَّلَوٰتِ وَالصَّلٰوةِ الْوُسْطٰى وَقُوْمُوْا لِلّٰهِ قٰنِتِيْنَ

(എല്ലാ) നമസ്ക്കാരങ്ങളും (വിശിഷ്യ) മധ്യനമസ്ക്കാരവും നിങ്ങൾ സസൂക്ഷ്മം നിലനിറുത്തുക. നിങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ അനുസരണമുള്ളവരായി നിൽക്കുക (2:239) നമസ്കാരങ്ങളെ എപ്പോഴും ശ്രദ്ധിക്കുകയും അതിനെ സംരക്ഷിക്കുകയും ചെയ്യുക എന്നത് ഒരു വിശ്വാസിക്ക് നിർബന്ധമാണ്. പ്രത്യേകിച്ച് നമ്മുടെ ജോലിക്കിടയിൽ വരുന്ന,നമ്മുടെ തിരക്കിനിടയിൽ വരുന്ന,നമുക്ക് ക്ഷീണമുള്ളപ്പോഴും ഉറക്കം വരുമ്പോഴും വരുന്ന നമസ്ക്കാരത്തിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. ഈ ഒരൊറ്റ കൽപനയിൽ തന്നെ എല്ലാ നമസ്ക്കാരങ്ങളെക്കുറിച്ചുമുള്ള കൽപന വന്നുകഴിഞ്ഞിരിക്കുന്നു. ഓരോ വ്യക്തിയും അവരവരുടെ മധ്യനമസ്കാരം ശ്രദ്ധിക്കുമ്പോൾ മറ്റു നമസ്ക്കാരത്തിലേക്കും അവർക്ക് ശ്രദ്ധയുണ്ടാകുന്നതാണ്. നമസ്ക്കാരത്തിന്റെ സംരക്ഷണം ഒരു വിശ്വാസിയുടെ വിശ്വാസവർദ്ധനവിന് കാരണമാകും എന്ന് മാത്രമല്ല, നമസ്ക്കാരം നിലനിറുത്തിക്കൊണ്ട് തന്റെ സന്താനങ്ങൾക്ക് ഉദാത്തമായ മാതൃക കാഴ്ചവെക്കുന്നതോടൊപ്പം മക്കളെ അവരുടെ പ്രാർത്ഥനയുടെ അനന്തരാവകാശികളാക്കിമാറ്റി അവരുടെ ഭാവി സംരക്ഷണത്തിന് നിദാനമായിത്തീരുകയും ചെയ്യുന്നതാണ്.

പലരും നമസ്ക്കരിക്കുന്നവരാണ്. അൻസാറുല്ലായിൽ പെട്ടവർ പൊതുവിൽ നമസ്ക്കരിക്കുന്നവരാണ്. എന്നാൽ അവരുടെ മക്കൾ ഇതിൽ നിന്നും മുഖം തിരിക്കുന്നു. നമസ്ക്കാരത്തിന്റെ കടമ നിറവേറ്റുക എന്നതിൽ തങ്ങളുടെ നമസ്ക്കാരം സംരക്ഷിക്കുന്നതോടൊപ്പം തങ്ങളുടെ മക്കളുടെ നമസ്ക്കാരം സംരക്ഷിക്കലും ഉൾപ്പെടുന്നു. ഈ കടമ നിറവേറ്റുന്നതിന് കുട്ടികളെ ചെറുപ്പത്തിൽ തന്നെ ശിക്ഷണം നൽകി ശീലിപ്പിക്കേണ്ടതാണ്.ചെറുപ്പത്തിൽ തന്നെ ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് നാം പറഞ്ഞുകൊടുക്കുന്നില്ലെങ്കിൽ കുട്ടി യുവത്വത്തിലേക്ക് കാലെടുത്ത് വെക്കുമ്പോൾ അവരെ മാതാപിതാക്കൾ നിർബന്ധിക്കുകയാണെങ്കിൽ പൊതുവിൽ ആൺകുട്ടികളിൽ ചിലർ മുമ്പത്തെക്കാൾ മോശമായിത്തീരാറുണ്ട്. മക്കൾ വഴിതെറ്റിപ്പോകുന്നു എന്ന് ആവലാതിയുമായി മാതാപിതാക്കൾ പിന്നീട് വരും. മറ്റു ചിലപ്പോൾ പിതാവ് നമസ്ക്കാരകാര്യത്തിൽ വളരെ ഉത്കണ്ഠയുള്ള ആളായിരിക്കും. എന്നാൽ ഭാര്യയോടും മക്കളോടുമുള്ള പെരുമാറ്റം മോശമായതുകാരണം കുട്ടികൾ പിതാവിൽ നിന്നും അകലുക മാത്രമല്ല തങ്ങളുടെ പിതാവിനെ ഇത്രയും മോശമാക്കിയത് നമസ്ക്കാരമാണെന്ന കണക്കുകൂട്ടലിൽവരെ അവർ എത്തിച്ചേരുന്നു. അങ്ങനെ അവർ നമസ്ക്കാരത്തിന്റെ നിഷേധികളായിത്തീരുന്നു. ഇനി നിഷേധികളാകുന്നില്ലെങ്കിൽ തന്നെ നമസ്ക്കരിക്കാതിരിക്കാനുള്ള പല പഴുതും അവർ അന്വേഷിച്ച് നടക്കുന്നതായിരിക്കും.

ചുരുക്കത്തിൽ നമസ്ക്കാരം സംരക്ഷിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്ന മറ്റൊരു കാര്യം എല്ലാ സദ്ഗുണങ്ങളും മുമ്പത്തെക്കാളുപരി ഉണർവുള്ളതാക്കി മാറ്റുക എന്നതും കൂടിയാണ്. ഭാര്യമാരോടുള്ള കടമകളും മക്കളോടുള്ള കടമകളും നിറവേറ്റപ്പെടേണ്ടതാണ്. 40 വയസ്സിന് മുകളിലുള്ള പ്രായം പക്വതയുടെ പ്രായമാണ്. ഈ പ്രായത്തിലും തങ്ങളുടെ നമസ്ക്കാരത്തെ സംരക്ഷിക്കാത്തവരെ നമുക്ക് കണ്ടെത്താൻ സാധിക്കുന്നതാണ്. അവർ അവരുടെ കടമകൾ നിറവേറ്റുന്നില്ല. അങ്ങനെയുള്ളവർക്ക് തങ്ങളുടെ മക്കൾ നന്മയിൽ മുന്നേറണമെന്ന് എങ്ങിനെ പ്രതീക്ഷിക്കാൻ സാധിക്കുന്നതാണ്. അവർ അഹ്മദിയ്യത്തുമായി ബന്ധപ്പെട്ടുനിൽക്കും എന്നതിന് എന്ത് ഗ്യാരണ്ടിയാണുള്ളത്. ശുഹദാക്കളുടെ പാവന സ്മരണ നാം കേട്ടുകഴിഞ്ഞതാണ്. അവരിൽ പൊതുവായി കാണുന്ന ഒരു ഗുണം ആരാധനയും ദൈവസ്മരണ നിലനിറുത്തുന്നതിലുള്ള അവരിലുള്ള ആവേശമാണ്. ഏതു വിഭാഗത്തിൽപെട്ടവരായിരുന്നെങ്കിലും ഈ കാര്യങ്ങളിൽ അവർക്ക് പ്രത്യേക ശ്രദ്ധ ഉണ്ടായിരുന്നു. അവർക്ക് തങ്ങളുടെ മക്കളോട് പ്രത്യേകമായ സ്നേഹം ഉണ്ടായിരുന്നതോടൊപ്പം അവരെ ജമാഅത്തുമായി ബന്ധപ്പെടുത്തി നിർത്തുന്നതിൽ അതീവ താത്പര്യമായിരുന്നു. അവരുടെ ആരാധനകളുടെ ശക്തമായ സ്വാധീനം അവരുടെ മക്കളിൽ നിലനിൽക്കുന്നു. ഇവരാണ് അൻസാറുല്ലാഹ് ആണെന്നതിന്റെ കടമ നിറവേറ്റിയവർ.

അതുകൊണ്ട് ഞാൻ അൻസാറുല്ലായോട് വീണ്ടും പറയാൻ ആഗ്രഹിക്കുന്നത് നിങ്ങൾ യഥാർത്ഥ അർത്ഥത്തിൽ അൻസാറുല്ലാഹ് ആയിത്തീരാൻ പരിശ്രമിക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ നമസ്ക്കാരത്തെയും ഇബാദത്തുകളെയും സ്വയം സംരക്ഷിക്കുന്നതോടൊപ്പം നിങ്ങളുടെ മക്കളെ ഇബാദത്ത് ചെയ്യുന്നവരാക്കി മാറ്റേണ്ടതുമാണ്.

ബൈഅത്തിന്റെ നിബന്ധനയിൽ മറ്റൊരു കാര്യം പറഞ്ഞത് തഹജ്ജുദ് നമസ്ക്കാരത്തിലും നഫലുകളിലും ശ്രദ്ധിക്കണമെന്നതുമാണ്.

65,70 വയസ്സ് വരെ എത്തിയവർ ഒരു പക്ഷെ തഹജ്ജുദ് നമസ്ക്കരിക്കുന്നുണ്ടാകും. അതിനെക്കുറിച്ചുള്ള ചിന്തയും ഉണ്ടായേക്കാം. എന്നാൽ അൻസാറുല്ലായുടെ പ്രാരംഭപ്രായത്തിൽ തന്നെ തഹജ്ജുദ് നമസ്കാരത്തിൽ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ തഹജ്ജുദ് കൃത്യമായി നമസ്ക്കരിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗം ആളുകൾ ജമാഅത്തിൽ ഉണ്ട്. ഖുദ്ദാമിലും ഇങ്ങിനെയുള്ളവരുണ്ട്. എന്നാൽ അൻസാറിൽ ഭൂരിഭാഗവും ഇങ്ങിനെയുള്ളവരായിരിക്കേണ്ടതാണ്.

40 വയസ്സിനു മുകളിലുള്ളവർക്ക് അൻസാറുല്ലാഹ് എന്ന് പേര് നൽകിയിരിക്കുന്നതും نَحْنُ اَنْصَارُ اللّٰهِ എന്നതിൽ അടങ്ങിയിരിക്കുന്ന സന്ദേശവും എല്ലാം തന്നെ ഞങ്ങൾ അല്ലാഹുവിന്റെ ദീനിന് വേണ്ടി ഏതുവിധ ത്യാഗം ചെയ്യാനും തയ്യാറാണെന്നുള്ള പ്രഖ്യാപനമാണ്. ദീനിന്റെ സ്ഥാപനത്തിനായി ഞങ്ങളുടെ എല്ലാ പ്രയത്നവും കഴിവും വിനിയോഗിക്കാൻ ഞങ്ങൾ തയ്യാറാണ്. ദീനിന്റെ വ്യാപനം ദുആ മുഖേന ആയിരിക്കും എന്ന് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നമുക്ക് മുന്നറിയിപ്പ് നൽകിയതാണ്. തബ്ലീഗിനോടൊപ്പം ദുആക്ക് ഇതിൽ വലിയൊരു പങ്കുവഹിക്കുന്നതാണ്. അതിനാൽ ദുആ ചെയ്യുന്ന കാര്യത്തിൽ ഒരു പ്രത്യേക ആവേശത്തോടെ നമുക്ക് മുന്നേറേണ്ടിയിരിക്കുന്നു.

അൻസാറുല്ലായുടെ പ്രായം പക്വതയുടെ പ്രായമാണ്. ഈ പ്രായത്തിൽ ആവേശത്തിന് അടിപ്പെടാറില്ല. നിരന്തരമായ ആത്മ പരിശോധന നടത്തിക്കൊണ്ട് നമ്മുടെ കടമകൾ എന്തെല്ലാമാണെന്ന് നാം വിചിന്തനം ചെയ്യണം. നമസ്ക്കാരവും നഫലുകളും മൂലമാണ് ദുആയുടെ കടമ ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെടുന്നത്.

ബൈഅത്തിലെ മറ്റൊരു നിബന്ധന ഒരഹ്മദി തന്നിൽ വിശുദ്ധ ഖുർആന്റെ അധികാരം പൂർണ്ണമായും അംഗീകരിക്കുന്നതാണ് എന്നതാണ്. വിശുദ്ധ ഖുർആന്റെ അധികാരം അംഗീകരിക്കുന്നതിന് അതുമായി പ്രത്യേക ബന്ധം സ്ഥാപിക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിന്റെ ഈ ഗ്രന്ഥത്തെ നിത്യവും പാരായണം ചെയ്യുകയും അതിന്റെ മഹത്വവും മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്. അതുകൊണ്ട് അൻസാറുല്ലായിൽ അംഗമായ ഓരോ വ്യക്തിയും തന്നെ പ്രതിജ്ഞയെടുക്കേണ്ടത് വിശുദ്ധ ഖുർആൻ നിത്യവും ഞാൻ പാരായണം ചെയ്യുന്നതാണെന്നാണ്. ഇതേപോലെ ലജ്നയ്ക്കും ഈ കൽപന ബാധകമാണ്. ഇത് പുരുഷന്മാർക്ക് മാത്രമുള്ളതല്ല. വരുംതലമുറയുടെ സംരക്ഷണം ആരിലാണോ അർപ്പിതമായിരിക്കുന്നത് അവർക്കെല്ലാവർക്കും ഇത് നിർബന്ധമാണ്. നിത്യവും ഖുർആൻ പാരായണം ചെയ്യുക. അതോടൊപ്പം അതിന്റെ അർത്ഥവും പഠിക്കുക. ഇതു ചെയ്യുമ്പോൾ നാം നമ്മുടെ അറിവിൽ വർദ്ധനവും അനുഗ്രഹവും വർദ്ധിപ്പിക്കുന്നതോടൊപ്പം നമ്മുടെ ഈ ഉദാത്ത മാതൃക നമ്മുടെ മക്കളുടെ മുമ്പാകെ സമർപ്പിച്ചുകൊണ്ട് അവരേയും അല്ലാഹുവിന്റെ ഈ വചനങ്ങളുമായി ബന്ധപ്പെട്ടുനിൽക്കാൻ കാരണമായിത്തീരുന്നതാണ്.

ബൈഅത്തിന്റെ നിബന്ധന എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഒരു അഹ്മദി ഏറ്റവും ചുരുങ്ങിയത് ഈ നിലവാരത്തിലെങ്കിലും ഉയരണം എന്നാണ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ആഗ്രഹിക്കുന്നത്. അൻസാറുല്ലാ അംഗങ്ങൾ ഇതിനെക്കാളും ഉയർന്ന സ്ഥാനമാണ് കരസ്ഥമാക്കാൻ ശ്രമിക്കേണ്ടത്. ഇതേപോലെ നമ്മുടെ സ്ത്രീകൾ വീടിന്റെ മേൽനോട്ടക്കാരികൾ എന്ന നിലക്ക് പുരുഷന്മാരെപോലെ മക്കളുടെ ശിക്ഷണത്തിൽ ഉത്തരവാദികളാണ്. മക്കളുടെ ശിക്ഷണ ഉത്തരവാദിത്വത്തിൽ അവർ പുരുഷന്മാരെക്കാളും ഒരുപടി മുന്നിലാണ്. കാരണം ഒരുകുട്ടിയുടെ പ്രാരംഭജീവിതം മാതാവിന്റെ സമീപത്തും അവരുടെ മടിത്തട്ടിലുമാണ്. സ്കൂളിൽ പോകുന്ന കുട്ടിയാണെങ്കിലും സ്കൂളിൽ നിന്ന് വന്നാൽ കൂടുതൽ സമയവും മാതാവിന്റെ അടുത്താണ് കഴിച്ചുകൂട്ടുന്നത്. അതിനാൽ മാതാക്കൾക്ക് ഇക്കാര്യത്തിൽ വലിയ ഉത്തരവാദിത്വമാണുള്ളത്. മാതാക്കളുടെ മതപരമായ ശിക്ഷണം ഉന്നതമാണെങ്കിൽ, അവർക്ക് ദീനിനെക്കുറിച്ച് അറിവുണ്ടെങ്കിൽ ഒന്നുരണ്ട് കേസ്സുകളൊഴികെ പൊതുവിൽ ദീനീ അന്തരീക്ഷത്തിലായിരിക്കും മക്കൾ വളർന്നുവരുന്നത്. അങ്ങിനെയുള്ള സ്ത്രീകളെക്കുറിച്ചാണ് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞത്: ചില സ്ത്രീകൾ അവരുടെ വിശ്വാസ സ്ഥൈര്യം കാരണം പുരുഷന്മാരെയും കവച്ചു വെക്കുന്നവരായി ഞാൻ കണ്ടിട്ടുണ്ട്. ശ്രേഷ്ഠത എന്നത് പുരുഷന്മാരുടെ അവകാശമൊന്നുമല്ല. പുരുഷനാണെങ്കിലും സ്ത്രീയാണെങ്കിലും ആരിലാണോ വിശ്വാസം കൂടുതലുള്ളത് അവർ മുൻകടക്കുന്നു. അതുകൊണ്ട് നമ്മുടെ ഓരോ സ്ത്രീയും ഈ നിലവാരം കരസ്ഥമാക്കാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു. നന്മയിൽ മുന്നേറുന്നതിന്ന് പുരുഷന്മാർക്കും സ്ത്രീകൾക്കുമിടയിൽ ഒരു മത്സരം ഉണ്ടായിരിക്കേണ്ടതാണ്. ഈ ഒരവസ്ഥ കൈവരിച്ചുകഴിഞ്ഞാൽ പുതിയ തലമുറ അല്ലാഹുവുമായി അടുത്തുകൊണ്ടിരിക്കുന്ന മനോഹരമായ ദൃശ്യം നമുക്ക് കാണാൻ സാധിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നമ്മുടെ മുമ്പാകെ സമർപ്പിച്ച ബൈഅത്തിന്റെ ഈ നിബന്ധനകളിൽ ഇത് പുരുഷന്മാർക്ക് മാത്രമാണെന്നും സ്ത്രീകൾക്കല്ല എന്നുമുള്ള ഒരു വിവേചനമൊന്നും നിങ്ങൾ കാണില്ല. ഇരുവർക്കും ഇരുവിഭാഗത്തിനുമുള്ളതാണിത്. അത്കൊണ്ട് ഈ നന്മയിൽ മുന്നേറാൻ ആര് ശ്രമിച്ചാലും അവർ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി മാറുകയും തങ്ങളുടെ മക്കളുടെ സംരക്ഷണത്തിനും തഖ്‌വയ്ക്കും കാരണമായിത്തീരുകയും ചെയ്യുന്നതാണ്.

ഈ പദവികൾ കരസ്ഥമാക്കാൻ സ്ത്രീകളും ശ്രമിക്കേണ്ടതാണ്. പുരുഷന്മാരും സ്ത്രീകളും പരസ്പരം സഹകരിച്ചുകൊണ്ട് പരസ്പരം പ്രാർത്ഥിച്ചുകൊണ്ട് ഭാവിതലമുറയുടെ ശിക്ഷണത്തിനായി പരിപൂർണ്ണമായി പരിശ്രമിക്കേണ്ടതാണ്. പുരുഷനോ സ്ത്രീയോ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുന്നില്ലെങ്കിൽ തങ്ങളുടെ പ്രതിജ്ഞ നിറവേറ്റാത്തതുകാരണം അവർ ചോദിക്കപ്പെടുന്നതാണ്. അല്ലാഹു നമുക്കെല്ലാവർക്കും നമ്മുടെ പ്രതിജ്ഞ നിറവേറ്റാൻ തൗഫീഖ് നൽകുമാറാകട്ടെ. ഈ കാലത്തെ ഇമാമുമായി സുദൃഢ ബന്ധവും പൂർണ്ണ അനുസരണവും നമുക്ക് ഉണ്ടാകട്ടെ. ആ മഹാത്മാവിന്റെ പ്രതീക്ഷക്കൊത്തുയരുന്നവരും അദ്ദേഹത്തിന്റെ അധ്യാപനങ്ങളനുസരിച്ച് നടക്കുന്നവരുമായി നാം മാറട്ടെ. നമ്മുടെ തലമുറ ഒന്നിനുപിറകെ മറ്റൊന്നായി തൗഹീദ് നിലനിർത്തുന്നവരും ഇബാദത്തുകളുടെ ഉന്നത നിലവാരം ഉയർത്തുന്നതിന് പരിശ്രമിക്കുന്നവരുമായിത്തീരട്ടെ.

അവസാനമായി ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഒരു ഉദ്ധരണി കേൾപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ മഹത്മാവ് പറയുന്നു: ഓർക്കുക! നിങ്ങൾ കാപട്യത്തോടെ മറ്റു സമൂഹവുമായി ബന്ധപ്പെടുകയാണെങ്കിൽ ഒരിക്കലും നിങ്ങൾക്ക് വിജയിക്കാൻ സാധ്യമല്ല. (നിങ്ങൾ നിങ്ങളുടെ മതത്തെ മറച്ചുവെച്ചുകൊണ്ട്, അപകർഷധാബോധത്തിന് അടിപ്പെട്ടുകൊണ്ട് തന്റെ വിശ്വാസത്തെ മൂടിവെക്കുകയാണെങ്കിൽ ഒരിക്കലും വിജയം ലഭിക്കുന്നതല്ല) വിജയം നൽകുന്നത് അല്ലാഹുവാണ്. അല്ലാഹു തൃപ്തനാണെങ്കിൽ ലോകം മുഴുവനും ദേഷ്യപ്പെട്ടാലും ഒരു പ്രശ്നവുമില്ല. ഇന്ന് കേൾക്കുന്ന ഓരോരുത്തരും ഓർത്തിരിക്കുക. നിങ്ങളുടെ ആയുധം ദുആയാണ്. അതുകൊണ്ട് ദുആയിൽ മുഴുകുക. തെറ്റുകുറ്റങ്ങളെ ഉപദേശപ്രസംഗങ്ങൾക്കോ

മറ്റു തന്ത്രങ്ങൾക്കോ അകറ്റാൻ സാദ്ധ്യമല്ല. അതിനുള്ള ഒരേ ഒരു മാർഗ്ഗം ദുആ മാത്രമാണ്. അല്ലാഹു ഇതാണ് നമ്മോട് പറഞ്ഞത്. ഇക്കാലത്ത് നന്മയിലേക്ക് ശ്രദ്ധ വരിക എന്നതും തിന്മ ഉപേക്ഷിക്കുക എന്നതും നിസ്സാര കാര്യമല്ല. ഇതിന് വലിയ വിപ്ലവം അനിവാര്യമാണ്. ഈ വിപ്ലവം അല്ലാഹുവിന്റെ കരങ്ങളിലാണുള്ളത്. ഇത് ദുആ മുഖേനയാണ് നടക്കുക. നമ്മുടെ ജമാഅത്തിലുള്ളവർ രാത്രികളിൽ കരഞ്ഞു കരഞ്ഞുകൊണ്ട് ദുആ ചെയ്യേണ്ടതാണ്. اُدْعُوْنِیْ اَسْتَجِبْ لَکُمْ എന്നത് അവന്റെ വാഗ്ദാനമാണ്. പൊതുവിൽ ജനങ്ങൾ മനസ്സിലാക്കിയത് ദുആ എന്നാൽ ഭൗതികലോകത്തിനുവേണ്ടിയുള്ള ദുആയാണ് യഥാർത്ഥ ദുആ എന്നാണ്. അവർ ദുനിയാവിന്റെ കീടങ്ങളാണ്. അതുകൊണ്ട് ഇതിന്നപ്പുറം അവർക്ക് ചിന്തിക്കാൻ സാധ്യമല്ല. ദീനിനുവേണ്ടിയുള്ള ദുആയാണ് യഥാർത്ഥ ദുആ.

ഞങ്ങൾ പാപികളാണ്, ഞങ്ങളുടെ ദുആ എങ്ങിനെ സ്വീകരിക്കപ്പെടാനാണ്, ഞങ്ങളിൽ എങ്ങനെ മാറ്റം ഉണ്ടാകാനാണ് എന്നൊന്നും ചിന്തിക്കരുത്. ഈ ചിന്ത തെറ്റാണ്. (മറ്റൊരു സ്ഥലത്ത് പറയുന്നുണ്ട്. തിന്മ എന്നത് വസ്ത്രത്തിൽ പറ്റിപ്പിടിക്കുന്ന അഴുക്കാണ് അത് കഴുകിക്കളയാവുന്നതാണ്.) ചില സന്ദർഭങ്ങളിൽ മനുഷ്യൻ തിന്മ ചെയ്യുന്നതോടൊപ്പം അതിനെ അവന് കീഴ്പ്പെടുത്തി അതിൽ നിന്ന് മുക്തി കൈവരിക്കാൻ സാധിക്കുന്നതാണ്. കാരണം മനുഷ്യന്റെ യഥാർത്ഥ പ്രകൃതം പരിശുദ്ധമാണ്. വെള്ളം എത്രതന്നെ നാം തിളപ്പിച്ചാലും അതിനെ തീയ്യിൽ ഒഴിച്ചാൽ ഉടനെ തീ അണയുന്നതാണ്. കാരണം വെള്ളത്തിന്റെ പ്രകൃതം തണുപ്പിക്കുക എന്നതാണ്. ഇതേപോലെ മനുഷ്യപ്രകൃതവും നിഷ്കളങ്കമാണ്. ഓരോരുത്തരിലും ഈ ഗുണമുണ്ട്. ഈ നിഷ്കളങ്കത എവിടെയും പോയിട്ടില്ല. എന്തുതന്നെ അവസ്ഥയാണെങ്കിലും ശരി കരഞ്ഞു കരഞ്ഞുകൊണ്ട് അല്ലാഹുവിനോട് ദുആ ചെയ്യുകയാണെങ്കിൽ അല്ലാഹു എല്ലാ തിന്മകളും അകറ്റുന്നതാണ്.

അല്ലാഹു നമുക്ക് ദീനിന്റെ ഉന്നമനത്തിനായി ദുആ ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ. നമ്മുടെ ഇസ്‌ലാഹ് വരുത്തിക്കൊണ്ട് നമുക്കും നമ്മുടെ ഭാവി തലമുറക്കും വേണ്ടി ദുആ ചെയ്യാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. സധൈര്യം ഇസ്‌ലാമിന്റെ സന്ദേശം ലോക സമക്ഷം സമർപ്പിക്കുന്നവരായി നാം മാറട്ടെ. അല്ലാഹു അതിന്റെ സൽഫലങ്ങൾ പ്രകടമാക്കുകയും ചെയ്യുമാറാകട്ടെ.

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 01 - 10 - 2010 at**
**London**

**വിവർത്തനം**
എം. നാസിർ അഹ്മദ് കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം, **PHONE : 9497343704**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**